ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 23.04.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1.) ഭീകരാക്രമണത്തിൽ വിനോദസഞ്ചാരികൾ കൊല്ലപ്പെട്ട ജമ്മു കശ്മീരിൽ സുരക്ഷ അതിശക്തമാക്കി ; അപലപിച്ച് ലോകനേതാക്കൾ.

**Security across the Kashmir Valley has been increased manifold after killing of several tourists in a terrorist attack in Pahalgam; World leaders condemned terrorist attack**

2.) മനുഷ്യത്വ രഹിതവും ഏറെ വേദനാജനകവുമായ സംഭവമെന്ന് രാഷ്ട്രപതി ; ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുമെന്ന് പ്രധാനമന്ത്രി.

**The President has called it an inhumane and very painful incident ; Prime Minister has said that those behind the attack will be brought to justice.**

3.) ഭീകരാക്രമണ പശ്ചാത്തലത്തിൽ സൗദി സന്ദർശനം വെട്ടിച്ചുരുക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയിലെത്തി.

**Prime Minister Narendra Modi has cut short his Saudi visit and returned to Delhi in the wake of the terrorist attack.**

4.) കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്നലെ രാത്രി ശ്രീനഗറിൽ എത്തി. ഭീകരാക്രമണമുണ്ടായ സ്ഥലം ഇന്ന് സന്ദർശിക്കും.

**Union Home Minister Mr Amit Shah arrived in Srinagar last night and held a high level review meeting with senior officials. The Home Minister scheduled to visit the site of the terrorist attack today.**

5.) **ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവരിൽ കൊച്ചി ഇടപ്പള്ളി സ്വദേശി രാമചന്ദ്രനും ; അനുശോചനം രേഖപ്പെടുത്തി മുഖ്യമന്ത്രി പിണറായി വിജയൻ.**

**Kerala native Ramachandran was among the dead in the terrorist attack. Chief Minister Pinarayi Vijayan expressed his condolences.**

6.) **ഫ്രാൻസിസ് മാർപ്പാപ്പയുടെ സംസ്കാര ചടങ്ങുകൾ ശനിയാഴ്ച നടക്കും ; പൊതുദർശം ഇന്നുമുതൽ .**

**Pope Francis' body to lie in state until funeral on Saturday morning**

*******************************

## TERRORISTS ATTACK– INTRO

ജമ്മു കശ്മീരിലെ പഹൽഗാമിൽ ഇന്നലെയുണ്ടായ ഭീകരാക്രമണത്തിൽ നിരവധി വിനോദസഞ്ചാരികൾ കൊല്ലപ്പെട്ടതിനെത്തുടർന്ന് കശ്മീർ താഴ്വരയിലുടനീളം സുരക്ഷ അതിശക്തമാക്കി. ആക്രമണം നടന്ന സ്ഥലം തെക്കൻ കശ്മീരിലെ അനന്ത്നാഗ് ജില്ലയിലെ ശ്രീനഗറിൽ നിന്ന് ഏകദേശം 85 കിലോമീറ്റർ അകലെയാണ്. മേഖലയിൽ സൈന്യവും, സിആർപിഎഫും, ജമ്മു കശ്മീർ പോലീസും സംയുക്തമായി തെരച്ചിൽ നടത്തുന്നു. പഹൽഗാമിലെ ആക്രമണ സ്ഥലത്ത് നിന്ന് 5 കിലോമീറ്റർ ചുറ്റളവിലാണ് പരിശോധന. ഭീകരരെ കണ്ടെത്താൻ പ്രത്യേക സേനയെയും, സ്നിഫർ നായ്ക്കളെയും ഇവിടെ വിന്യസിച്ചിട്ടുണ്ട്. **വിശദാംശങ്ങളിലേക്ക്...........**

(വോയ്സ്)

ദേശീയപാതകളിലും മറ്റും കൂടുതൽ ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രധാന സ്ഥലങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളും ദ്രുത പ്രതികരണ സംഘങ്ങളെ വിന്യസിച്ചിട്ടുണ്ട്. താഴ്വരയിലെ നിലവിലെ സുരക്ഷാ സാഹചര്യത്തെക്കുറിച്ച്

പ്രാദേശിക കമാൻഡർമാർ ഇന്ന് നോർത്തേൺ ആർമി കമാൻഡർ ലെഫ്റ്റനന്റ് ജനറൽ എംവി സുചേന്ദ്ര കുമാറിനെ ധരിപ്പിക്കും. കൊല്ലപ്പെട്ടവരുടെ അന്തിമ കണക്കുകൾ ശേഖരിച്ചു വരികയാണെന്ന് ഉന്നത സുരക്ഷാ വൃത്തങ്ങൾ അറിയിച്ചു. ശ്രീനഗറിലും അനന്ത്നാഗിലും വിനോദസഞ്ചാരികൾക്കായി ജമ്മു കശ്മീർ സർക്കാർ 24 മണിക്കൂറും അടിയന്തര സഹായ കേന്ദ്രം തുറന്നു.ശ്രീനഗറിലെ അടിയന്തര കൺട്രോൾ റൂമിലേക്ക്- 0194-2457543 എന്ന നമ്പരിൽ ബന്ധപ്പെടാം. **ന്യൂസ് ഡസ്ക്, ആകാശവാണി**

*****************************

## J AND K - PRESIDENT , PM

പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും. മനുഷ്യത്വ രഹിതവും ഏറെ വേദനാജനകവുമായ സംഭവവുമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു സമൂഹമാധ്യമത്തിൽ കുറിച്ചു. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും ഭീകരാക്രമണത്തെ അപലപിച്ചു. ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഭീകരതയ്ക്കെതിരെയുള്ള രാജ്യത്തിന്റെ പോരാട്ടം അചഞ്ചലമാണെന്നും കൂടുതൽ ശക്തിയോടെ മുന്നോട്ട് പോകുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ തുടങ്ങിയവരുംആക്രമണത്തിൽ ദുഃഖം രേഖപ്പെടുത്തി. രാഷ്ട്രീയ ഭേദമന്യേ നേതാക്കളും ഭീകരാക്രമണത്തെ ശക്തമായി അപലപിച്ചു. കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, ബിഹാർ മുഖ്യമന്ത്രിയും മുതിർന്ന ജെഡിയു നേതാവുമായ നിതീഷ് കുമാർ, പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി, സമാജ്‌വാദി പാർട്ടി മേധാവി അഖിലേഷ് യാദവ് തുടങ്ങിയവരും സംഭവത്തെ അപലപിച്ചു. നരേന്ദ്ര മോദി സർക്കാർ ഭീകരതയ്ക്കെതിരെ വിട്ടുവീഴ്ചയുമില്ലാത്ത നയമാണ് പിന്തുടരുന്നതെന്ന് കേന്ദ്രമന്ത്രിയും ബിജെപി പ്രസിഡന്റുമായ ജെ പി നദ്ദ പറഞ്ഞു.

****************************

## FUR. REV. PM– SAUDI ARABIA (INTRO)

ജമ്മു കശ്മീരിലെ ഭീകരാക്രമണ പശ്ചാത്തലത്തിൽ സൗദി സന്ദർശനം വെട്ടിച്ചുരുക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയിലെത്തി. അല്പം മുമ്പാണ് അദ്ദേഹം ഡൽഹി വിമാനത്താവളത്തിലെത്തിയത്. അതേസമയം, ചുരുങ്ങിയ വേളയിലും ഇന്ത്യ-സൗദി ബന്ധം മെച്ചപ്പെടുത്തുന്നതിന് പ്രധാനമന്ത്രിയുടെ സന്ദർശനം സഹായകമായി. സൗദി കിരീടവകാശിയുമായി പ്രധാനമന്ത്രി നരേന്ദ്രമോദി നടത്തിയ ചർച്ച ഫലപ്രദമായിരുന്നു എന്നും കശ്മീർ ഭീകരാക്രമണത്തെ ഇരു നേതാക്കളും അപലപിച്ചതായും സൗദി അറേബ്യയിലെ ഇന്ത്യൻ അംബാസിഡർ സുഹേൽ അജാസ് ഖാൻ പറഞ്ഞു.

(വോയ്സ്)

ബഹിരാകാശം, ആരോഗ്യം, ആൻറി ഡോപ്പിങ് ഉൾപ്പെടെ നാല് പ്രധാന കരാറുകളിൽ ഇരു രാജ്യങ്ങളും ഒപ്പുവയ്ച്ചു.

****************************

## J AND K-AMIT SHAH

പഹൽഗാമിലെ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്നലെ രാത്രി ശ്രീനഗറിൽ എത്തി മുതിർന്ന ഉദ്യോഗസ്ഥരുമായി ഉന്നതതല അവലോകന യോഗം നടത്തി. ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയ്ക്കൊപ്പം ആഭ്യന്തര മന്ത്രി ഇന്ന് ഭീകരാക്രമണ സ്ഥലം സന്ദർശിക്കും. ദൃക്സാക്ഷികളുമായി സംവദിക്കും. പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവരെ അദ്ദേഹം സന്ദർശിക്കും.

****************************

## J AND K - MALAYALI DIED

കൊച്ചി ഇടപ്പള്ളി സ്വദേശി രാമചന്ദ്രൻ ജമ്മുകശ്മീരിലെ പഹൽഗാമിൽ ഭീകരരുടെ വെടിയേറ്റ് മരിച്ചതായി ബന്ധുക്കൾക്ക് വിവരം ലഭിച്ചു. ഏറെക്കാലം ഗൾഫിലായിരുന്ന രാമചന്ദ്രൻ ഭാര്യയും, മകളും, രണ്ട് പേരക്കുട്ടികൾക്കുമൊപ്പം കഴിഞ്ഞ ദിവസമാണ് ജമ്മുകശ്മീരിൽ എത്തിയത്. കുടുംബത്തിലെ മറ്റുള്ളവർ സുരക്ഷിതരാണ്. കൊച്ചിയിലെ നാവികസേന ഉദ്യോഗസ്ഥനായ വിനയ് നിർവാളും ഭീകരരുടെ ആക്രമണത്തിൽ മരിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്. ഹരിയാന സ്വദേശിയായ അദ്ദേഹം ഭാര്യയോടൊപ്പം മധുവിധു ആഘോഷിക്കാനാണ് കാശ്മീരിൽ എത്തിയത്. ഭീകരാക്രമണത്തിൽ രണ്ട് വിദേശികൾ ഉൾപ്പെടെ 16 പേരുടെ മരണം അധികൃതർ സ്ഥിരീകരിച്ചിട്ടുണ്ട്. അതേസമയം മരണസംഖ്യ 26 ആയെന്നും റിപ്പോർട്ടുണ്ട്.

******************************

## J AND K-BANDH

ജമ്മു കശ്മീരിലെ പഹൽഗാമിൽ വിനോദസഞ്ചാരികൾ കൊല്ലപ്പെട്ടതിൽ പ്രതിഷേധിച്ച് പ്രദേശത്ത് ഇന്ന് ബന്ദ് പ്രഖ്യാപിച്ചു. ജമ്മു കശ്മീരിലെ വിവിധ പ്രദേശങ്ങളിൽ ജനങ്ങൾ മെഴുകുതിരി കത്തിച്ച് പ്രതിഷേധം സംഘടിപ്പിച്ചു. നോർത്തേൺ ആർമി കമാൻഡർ ലെഫ്റ്റനന്റ് ജനറൽ എംവി സുചേന്ദ്ര കുമാർ ഇന്ന് ശ്രീനഗർ സന്ദർശിക്കും.

******************************

## MORN. WORLD LEADERS -CONDEMNATION

ജമ്മു കശ്മീരിൽ ഇന്നലെ നടന്ന ഭീകരാക്രമണത്തെ ലോക നേതാക്കൾ അപലപിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും ഇന്ത്യയിലെ ജനങ്ങൾക്കും യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പൂർണ്ണ പിന്തുണ അറിയിച്ചു. ഭീകരവാദത്തിനെതിരെ അമേരിക്ക ഇന്ത്യയ്ക്കൊപ്പം ശക്തമായി നിലകൊള്ളുന്നുവെന്ന് അദ്ദേഹം

കൂട്ടിച്ചേർത്തു. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും സംഭവത്തിൽ അനുശോചനം രേഖപ്പെടുത്തി. യുഎഇയും ഇറാനും ഭീകരാക്രമണത്തെ ശക്തമായി അപലപിച്ചു.

*******************************

## REV. US VP-J&K ATTACK

ജമ്മുകശ്മീർ ഭീകരാക്രമണത്തെ അപലപിച്ച്, ഇന്ത്യ സന്ദർശിക്കുന്ന അമേരിക്കൻ വൈസ് പ്രസിഡൻറ് ജെ ഡി വാൻസ്. ആക്രമണത്തിന് ഇരയായവർക്കായി പ്രാർത്ഥിക്കുന്നതായും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

*******************************

## TERRORIST ATTACK – CM

ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ജമ്മു കശ്മീരിലുള്ള കേരളീയർക്ക് സഹായവും സേവനങ്ങളും വിവരങ്ങളും ലഭ്യമാക്കുന്നതിന് സജ്ജീകരണം ഏർപ്പെടുത്താൻ മുഖ്യമന്ത്രി പിണറായി വിജയൻ നോർക്ക റൂട്സിന് നിർദ്ദേശം നല്കി. എറണാകുളം സ്വദേശി കൊല്ലപ്പെട്ടെന്ന വാർത്ത അത്യന്തം വേദനാജനകമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. അദ്ദേഹത്തിൻറെ കുടുംബാംഗങ്ങളെ സുരക്ഷിതമായി നാട്ടിലെത്തിക്കും. ഹൈക്കോടതി ജസ്റ്റിസുമാരായ അനിൽ കെ.നരേന്ദ്രൻ, പി ജി അജിത്കുമാർ, ഗിരീഷ്, എം എൽ എ മാരായ എം മുകേഷ്, കെ പി എ മജീദ്, ടി സിദ്ദിഖ്, കെ ആൻസലൻ എന്നിവർ ശ്രീനഗറിൽ സുരക്ഷിതരാണെന്നും മുഖ്യമന്ത്രി അറിയിച്ചു.

*******************************

## J AND K – HELP DESK

കശ്മീർ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കേരളീയർക്ക് സഹായവും സേവനങ്ങളും വിവരങ്ങളും ലഭ്യമാക്കാൻ നോർക്ക ഹെൽപ്പ് ഡെസ്ക് തുടങ്ങി. കാശ്മീരിൽ കുടുങ്ങിയ, സഹായം

ആവശ്യമായവർക്ക് ഹെൽപ്പ് ഡെസ്ക് നമ്പരിൽ വിളിച്ച് വിവരങ്ങൾ നൽകുകയും പേര് രജിസ്റ്റർ ചെയ്യുകയും ചെയ്യാം. ടോൾ ഫ്രീ നമ്പർ 18 00 425 39 39

*******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*******************************

## POPE FRANSIS

ഫ്രാൻസിസ് മാർപ്പാപ്പയുടെ സംസ്കാര ചടങ്ങുകൾ ശനിയാഴ്ച നടക്കുമെന്ന് വത്തിക്കാൻ അറിയിച്ചു. വത്തിക്കാൻ നഗരത്തിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മുന്നിലുള്ള ഉപവേദിയിലാകും അന്ത്യശുശ്രൂഷ. കർദിനാൾ കോളേജിൻറെ ഡീൻ കർദിനാൾ ജോവാന്നി ബാട്ടിസ്റ്റ റേ കാർമികത്വം വഹിക്കും. അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്, ബ്രിട്ടീഷ് പ്രധാനമന്ത്രി കെയ്ർ സ്റ്റാമർ തുടങ്ങിയ ലോകനേതാക്കളും ചടങ്ങിൽ പങ്കെടുക്കും. ഫ്രാൻസ്, ഇറ്റലി, ജർമ്മനി, ബ്രസീൽ, യുക്രൈൻ, അർജൻറീന, സ്വിറ്റ്സർലാൻറ് ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ പ്രതിനിധികളും എത്തിച്ചേരും.

*******************************

## JD VANCE

ഇന്ത്യ-അമേരിക്ക വാണിജ്യ ചർച്ചകൾക്കുള്ള നിബന്ധനകൾക്ക് അന്തിമ രൂപമായതായി അമേരിക്കൻ വൈസ് പ്രസിഡൻറ് ജെ ഡി വാൻസ്. ജെയ്പ്പൂരിൽ രാജസ്ഥാൻ അന്താരാഷ്ട്ര കേന്ദ്രത്തിൽ ഇന്നലെ സംഘടിപ്പിച്ച വാണിജ്യ ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വാണിജ്യ-വ്യാപാര മേഖലയിൽ ഇരു രാജ്യങ്ങൾക്കും നിരവധി കാര്യങ്ങൾ

ചെയ്യാനുണ്ടെന്നും വാൻസ് പറഞ്ഞു. പ്രതിരോധ മേഖലയിൽ അമേരിക്കയുടെ വിശ്വസ്ത പങ്കാളിയാണ് ഇന്ത്യയെന്നും വാൻസ് പറഞ്ഞു.

*******************************

## CHANDIGARH-SHIVRAJ SINGH (INTRO)

കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ഇന്ത്യയ്ക്ക് ബോധ്യമുണ്ടെന്നും കാർഷിക മേഖലയിലെ അഭിവൃദ്ധിക്ക് കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന ഉത്പന്നങ്ങൾ രാജ്യം വികസിപ്പിക്കുന്നതായും കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ് ചൗഹാൻ. ഹരിയാനയിൽ കർണാലിൽ ദേശീയ ക്ഷീര ഗവേഷണ കേന്ദ്രത്തിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

( വോയ്സ്)

*******************************

## GDP

ആഗോള പ്രതിസന്ധികൾക്കിടയിലും ഇന്ത്യയുടെ ആഭ്യന്തര ഉത്പാദനം ആറ് ശതമാനത്തിന് മുകളിൽ തുടരുമെന്ന് അന്താരാഷ്ട്ര നാണ്യ നിധി. വേൾഡ് എക്കണോമിക് ഫോറം റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. 2025-26 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ച 6.2 ശതമാനമായിരിക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു.

*******************************

## ENTRANCE EXAM

2025--26 അധ്യയന വർഷത്തെ എൻജിനിയറിങ്, ഫാർമസി കോഴ്സുകളിലേക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയ്ക്ക് ഇന്ന് തുടക്കം. 29 വരെയാണ് പരീക്ഷ. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെ കേന്ദ്രങ്ങളിലും ദുബായ്, ഡൽഹി, മുംബൈ, ചെന്നൈ, ബംഗളുരു എന്നിവിടങ്ങളിലുമായി 138 കേന്ദ്രങ്ങളിലാണ് പരീക്ഷ.

*******************************

## HEAVY RAIN

സംസ്ഥാനത്ത് ശനിയാഴ്ച വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിയോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യത. മണിക്കൂറിൽ 30 മുതൽ 40 വരെ കിലോമീറ്റർ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കന്യാകുമാരി തീരത്ത് ഇന്ന് വൈകിട്ട് 5.30 വരെ ഒരു മീറ്റർ ഉയരത്തിലുള്ള തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്.

*******************************

## MALAPPURAM STUDENTS

മൂന്ന് ദിവസം മുമ്പ് പൊന്നാനിയിൽ നിന്ന് കാണാതായ 14 വയസുകാരായ മൂന്ന് വിദ്യാർഥികളെയും കർണാടകയിലെ കാർവാറിൽ കണ്ടെത്തി. നഗരസഭ ചെയർമാൻ ശിവദാസ് ആറ്റുപുറമാണ് ഇക്കാര്യം അറിയിച്ചത്. .

*******************************

## NT. IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സിനെതിരെ ഡൽഹി ക്യാപിറ്റൽസിനു ജയം. ഇന്ന് രാത്രി 7.30 ന് ഹൈദരാബാദിൽ നടക്കുന്ന മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദ് -മുംബൈ ഇന്ത്യൻസിനെ നേരിടും.

*******************************

## OPERATION D HUNT

ഓപ്പറേഷൻ ഡി ഹണ്ടിന്റെ ഭാഗമായി തിങ്കളാഴ്ച സംസ്ഥാന വ്യാപകമായി നടത്തിയ പ്രത്യേക പരിശോധനയിൽ 94 പേരെ അറസ്റ്റ് ചെയ്തു. 92 കേസുകൾ രജിസ്റ്റർ ചെയ്തു.

****************************************************************************

*******************************************